REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-06-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- അടിയന്തരാവസ്ഥയുടെ കറുത്ത നാളുകൾ ഓർമ്മിപ്പിച്ച് രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു.
- ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിക്കുന്ന ആക്സിയം-4 ദൗത്യം ഉച്ചയ്ക്ക് 12.01 ന്.
- ആശുപത്രികൾക്ക് പുറത്ത് നിരക്ക് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുന്ന നിയമം കേരള ഹൈക്കോടതി ശരിവച്ചു.
- ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യവിജയം ഇംഗ്ലണ്ടിന്.
- ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് 2025 മീറ്റിൽ നീരജ് ചോപ്രയ്ക്ക് കിരീടം.

## വാർത്തകൾ വിശദമായി

അടിയന്തരാവസ്ഥയുടെ കറുത്ത നാളുകൾ ഓർമ്മിപ്പിച്ച് രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കും. 1975 ജൂൺ 25 നാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അരനൂറ്റാണ്ടു മുമ്പുണ്ടായ അടിയന്തരാവസ്ഥ ഇനിയൊരിക്കൽ കൂടി ആവർത്തിക്കാതിരിക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കാനും, പ്രതിബദ്ധരാക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം.

അടിയന്തരാവസ്ഥയുടെ നാളുകളിൽ ഇരകളായി മാറിയ ഓരോരുത്തർക്കും ഇന്ന് ശ്രദ്ധാഞ്ജലിയർപ്പിക്കും. കഴിഞ്ഞ വർഷമാണ്

കേന്ദ്രഗവൺമെന്റ്, ജൂൺ 25 സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കാൻ തീരുമാനിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

1975 ൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് രാജ്യത്തിന്റെ സുരക്ഷയ്ക്കായിരുന്നില്ലെന്നും അവരുടെ അധികാരം സംരക്ഷിക്കാൻ മാത്രമായിരുന്നു എന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ 'ആപത്കാലത്തിന് അമ്പതു വർഷം' പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ജനാധിപത്യം സംരക്ഷിക്കാൻ ലക്ഷക്കണക്കിന് ആളുകൾ ജീവിതവും തൊഴിലും കുടുംബങ്ങളും ത്യജിച്ചത് എല്ലാവരും ഓർമ്മിക്കണമെന്നും അമിത് ഷാ പറഞ്ഞു. സ്വേച്ഛാധിപത്യം ഇന്ത്യൻ ജനത ഒരിക്കലും സഹിക്കാത്തതു കൊണ്ടു മാത്രമാണ് രാജ്യം അടിയന്തരാവസ്ഥയെ അതിജീവിച്ചതെന്നും അമിത്ഷാ അഭിപ്രായപ്പെട്ടു.

അടിയന്തരാവസ്ഥയെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി എഴുതിയ പുസ്തകം ഇന്ന് പ്രകാശനം ചെയ്യുമെന്നും അമിത് ഷാ അറിയിച്ചു.അടിയന്തരാവസ്ഥക്കാലത്തെയും അതിനു ശേഷം നടന്ന പോരാട്ടങ്ങളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കിയാണ് പുസ്തകം രചിച്ചതെന്നും ആഭ്യന്തരമന്ത്രി വെളിപ്പെടുത്തി.

✪✪✪

ഷാങ്ഹായ് കോ ഓപ്പറേഷൻ ഓർഗനൈസേഷൻ രാജ്യരക്ഷാ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഉന്നതതല സംഘം പങ്കെടുക്കും. ചൈനയിലെ ക്വിംഗ് ഡാവോയിൽ ഇന്നാണ് രണ്ടു ദിവസത്തെ യോഗം ആരംഭിക്കുന്നത്. ദേശീയ- അന്തർദേശീയ സുരക്ഷാ, ഭീകരവിരുദ്ധ നീക്കം, വർദ്ധിച്ച സഹകരണം തുടങ്ങിയ വിഷയങ്ങൾ രാജ്നാഥ് സിംഗിന്റെ നേതൃത്വത്തിൽ യോഗത്തിൽ ഉന്നയിച്ചേക്കുമെന്നാണ് വിലയിരുത്തൽ.

✪✪✪

അഹമ്മദാബാദ് ദുരന്തത്തിൽ തകർന്ന എയർ ഇന്ത്യ വിമാനത്തിന്റെ ബ്ലാക് ബോക്സ്, വിമാനാപകട അന്വേഷണബ്യൂറോ പരിശോധിച്ചുവരികയാണെന്ന് കേന്ദ്രമന്ത്രി K രാംമോഹൻ നായിഡു അറിയിച്ചു. കൂടുതൽ പരിശോധനയ്ക്കായി ബ്ലാക് ബോക്സ്

വിദേശത്തേക്ക് അയച്ചേക്കുമെന്ന മാധ്യമ വാർത്തകൾ കേന്ദ്രമന്ത്രി നിഷേധിച്ചു.

✪✪✪

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ ബഹിരാകാശ നിലയത്തിൽ എത്തിക്കുന്ന ആക്സിയം-4 ദൗത്യം ഉച്ചയ്ക്ക് 12.01 ന്. ഫ്ലോറിഡയിലെ കെനഡി സ്പേയ്സ് സെന്ററിൽ നിന്നാണ് വിക്ഷേപണം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

നാളെ വൈകിട്ട് ഇന്ത്യൻ സമയം നാലരയോടെ ആക്സിയം-4 അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുമെന്ന് ISRO സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. 14 ദിവസം സഞ്ചാരികൾ അന്താരാഷ്ട്ര നിലയത്തിൽ ചെലവഴിക്കും. ഗുരുത്വാകർഷണം ഉൾപ്പെടെ സുപ്രധാന വിഷയങ്ങളിൽ യാത്രികർ പഠനം നടത്തും. നാസയും ISRO യും തമ്മിൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന ദൗത്യം കൂടിയാണ് ആക്സിയം-4.

രാകേഷ് ശർമ്മയ്ക്കു ശേഷം ബഹിരാകാശ സഞ്ചാരത്തിന് യാത്ര തിരിക്കുന്ന രണ്ടാമത്തെ ആസ്ട്രോനാറ്റാണ് ശുഭാൻശു ശുക്ല.

മെയ് 29 ന് നിശ്ചയിച്ചിരുന്ന ദൗത്യം സാങ്കേതിക തകരാറുകളെത്തുടർന്നും, മോശം കാലാവസ്ഥ മൂലവും പലവട്ടം മാറ്റിവെയ്ക്കുകയായിരുന്നു.

✪✪✪

മൂന്ന് സേനാ വിഭാഗങ്ങൾക്കും നിർദ്ദേശങ്ങൾ നൽകാൻ സംയുക്ത സൈനിക മേധാവിയെയും, സൈനികകാര്യ വകുപ്പ് സെക്രട്ടറിയെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അധികാരപ്പെടുത്തി. ഓരോ സേനാവിഭാഗത്തിനും വെവ്വേറെ നിർദ്ദേശങ്ങൾ നൽകിയിരുന്ന രീതിയിൽ നിന്ന് വലിയൊരു മാറ്റമാണ് ഇതോടെ പ്രാബല്യത്തിൽ വന്നതെന്ന് രാജ്യരക്ഷാ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

**വികസിത് കൃഷി സങ്കല്പ് അഭിയാന്റെ തുടർച്ചയായി കർഷകരുടെ വരുമാനം ഉയർത്താനും, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും ഇന്ത്യയെ ആഗോള ഭക്ഷ്യ കേന്ദ്രമാക്കി മാറ്റാനും ശ്രമങ്ങൾ തുടരുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ന്യൂഡൽഹിയിൽ വികസിത് കൃഷി സങ്കല്പ് അഭിയാൻ അവലോകന ഉന്നതതല യോഗത്തിൽ പങ്കെടുക്കുകയായിരുന്നു ശിവരാജ് സിംഗ് ചൗഹാൻ.**

**✪✪✪**

**ഇറാനിൽ കുടുങ്ങിയ തമിഴ്നാട്ടിലെ മീൻപിടുത്തക്കാരെ തിരികെയെത്തിക്കാൻ അടിയന്തര നയതന്ത്ര നടപടിയെടുക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ, വിദേശകാര്യമന്ത്രി ഡോ. S ജയശങ്കറിനോട് അഭ്യർത്ഥിച്ചു. 651 തൊഴിലാളികൾ ഇറാനിൽ ഉണ്ടെന്നാണ് വിവരമെന്ന് ഡോ. ജയശങ്കറിയച്ച കത്തിൽ സ്റ്റാലിൻ അറിയിച്ചു. ഇറാനിലെ സംഘർഷ സാഹചര്യം തൊഴിലാളികൾക്ക് വലിയ കഷ്ടതകൾ ഉണ്ടാക്കുന്നതായി സ്റ്റാലിൻ പറഞ്ഞു.**

**✪✪✪**

**ആശുപത്രികൾക്ക് പുറത്ത് നിരക്ക് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുന്ന നിയമം കേരള ഹൈക്കോടതി ശരിവച്ചു. 2018 ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ ആക്ടിനെയും, ചട്ടങ്ങളെയും ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. സ്ഥാപനങ്ങൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുത്താൻ ഹർജിക്കാരന് സ്വാതന്ത്ര്യമുണ്ടെന്നും, ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഗവൺമെന്റ് പരിഹാര നടപടികൾ സ്വീകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.**

**✪✪✪**

**നാളെ അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധദിനം. മയക്കുമരുന്ന് ഉപയോഗത്തിനും കള്ളക്കടത്തിനുമെതിരെ ജാഗ്രത പുലർത്താനും, ബോധവത്ക്കരണത്തിനും ലോക വ്യാപകമായി ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.**

**കോഴിക്കോട് ജില്ലാ ഭരണകൂടവും ജില്ലാപഞ്ചായത്തും ചേർന്ന് നാളെ മയക്കുമരുന്നിനെതിരെ 'ടു മില്യൺ പ്ലഡ്ജ് എഗൈയ്ൻസ്റ്റ് ഡ്രഗ്സ് ' പരിപാടി സംഘടിപ്പിക്കും. വിവിധ കേന്ദ്രങ്ങളിലായി 20 ലക്ഷം പേർ മയക്കുമരുന്ന് വിരുദ്ധ പ്രതിജ്ഞയെടുക്കും.**

രാവിലെ പതിനൊന്നരയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി മയക്കുമരുന്ന് വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, AK ശശീന്ദ്രൻ എന്നിവർ ടൗൺഹാളിലെ പരിപാടിയിൽ മുഖ്യാതിഥികളായി പങ്കെടുക്കും.

✪✪✪

കേരള പ്ലാന്റേഷൻ കോർപറേഷൻ കാസർകോട് ജില്ലയിലെ എസ്റ്റേറ്റ് ഗോഡൗണുകളിൽ സൂക്ഷിച്ചിരുന്ന എൻഡോസൾഫാൻ നിർവീര്യമാക്കാൻ നടപടികൾ തുടങ്ങി.

കൂടുതൽ വിവരങ്ങളുമായി കാസർകോട് ജില്ലാപ്രതിനിധി P. ജഗന്നിവാസൻ.

....( വോയ്സ്)..........

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യവിജയം ഇംഗ്ലണ്ട് സ്വന്തമാക്കി. ഇന്ത്യയെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ച്, അഞ്ച് മത്സര പരമ്പരയിൽ അവർ മുന്നിലെത്തി. ഇന്ത്യ നിർണയിച്ച 371 റൺസ് വിജയലക്ഷ്യം, അഞ്ച് വിക്കറ്റിന് 373 റൺസെടുത്ത് ഇംഗ്ലണ്ട് മറികടന്നു. ബെൻഡെക്കറ്റ്സിന്റെ 149 റൺസാണ് വിജയലക്ഷ്യം പിന്നിടാൻ ലീഡ്സിൽ ഇംഗ്ലണ്ടിന് തുണയായത്.

രണ്ടാം ടെസ്റ്റ് ജൂലൈ രണ്ടു മുതൽ ആറു വരെയാണ്.

✪✪✪

ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് 2025 മീറ്റിൽ, ജാവലിൻ ത്രോയിൽ ഇന്ത്യയുടെ നീരജ് ചോപ്ര കിരീടം നേടി. ചെക്ക് റിപ്പബ്ലിക്കിൽ ഇന്നലെ രാത്രി 85.29 മീറ്റർ എറിഞ്ഞാണ് നീരജ് മെഡൽ നേടിയത്. അടുത്തമാസം 5 ന് ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലെ ആഗോള ജാവലിൻ മത്സരത്തിൽ നീരജ് ചോപ്ര പങ്കെടുക്കും.

✪✪✪

സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് കണ്ണൂരിൽ ആരംഭിക്കും. ജവഹർ സ്റ്റേഡിയത്തിൽ രാവിലെ ഏഴിന് കാസർകോട്,, കോട്ടയത്തെയും, എട്ടരയ്ക്ക് ഇടുക്കി, പാലക്കാടിനെയും നേരിടും.

വൈകിട്ട് മൂന്നിന് പാലക്കാട്, കോട്ടയത്തെയും, നാലരയ്ക്ക് കാസർഗോഡ്, ഇടുക്കിയെയും നേരിടും.

✪✪✪

ദേശാഭിമാനി ദിനപത്രത്തിന്റെ കണ്ണൂർ ബ്യൂറോയിലെ റിപ്പോർട്ടർ രാഗേഷ് കായലൂർ റോഡപകടത്തിൽ മരിച്ചു. 51 വയസ്സായിരുന്നു. കഴിഞ്ഞ ദിവസം റോഡ് മുറിച്ചുകടക്കുമ്പോൾ ലോറിയിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്നു. സംസ്കാരം വൈകിട്ട് മട്ടന്നൂർ പൊറോറ നഗരസഭാ ശ്മശാനത്തിൽ നടത്തും.

✪✪✪

കണ്ണൂർ കരിവെള്ളൂർ ശിവക്ഷേത്ര കുളത്തിൽ ഇടുക്കി സ്വദേശി മുങ്ങി മരിച്ചു. ചെറുതോണി മണിപ്പാറ സ്വദേശി അഖിൽ അഗസ്റ്റിൻ എന്ന 22 കാരനാണ് ഇന്നലെ വൈകിട്ട് കുളിക്കുന്നതിനിടെ അപകടത്തിൽപ്പെട്ടത്.

✪✪✪

പാലക്കാട് ഗായത്രിപ്പുഴയിലെ തടയണയിൽ ഒഴുക്കിൽപ്പെട്ട വിദ്യാർത്ഥിക്കായി തെരച്ചിൽ രാവിലെ പുനരാരംഭിക്കും. ഇന്നലെ വൈകീട്ട് തോണിപ്പാടം കരിങ്കുളങ്ങര തടയണയിൽ ഒഴുക്കിൽ പെട്ട് കാവശ്ശേരി എരകുളം സ്വദേശി പ്രണവിനെയാണ് കാണാതായത്.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. തീവ്ര മഴ സാധ്യത കണക്കിലെടുത്ത് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

ഭിന്നശേഷിക്കാർക്കായി ആരംഭിച്ച പ്രത്യേക ഇൻഷുറൻസ് പദ്ധതി ‘ നിരാമയ ‘ പുനഃസ്ഥാപിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. ഇതിനാവശ്യമായ 75 ലക്ഷം രൂപ LIC യ്ക്ക് അനുവദിച്ചതായും മന്ത്രി പറഞ്ഞു. ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി,

മൾട്ടിപ്പിൾ ഡിസബിലിറ്റി വിഭാഗങ്ങളിലുൾപ്പെടുന്നവരാണ് നിരാമയ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2023 ൽ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി നിലവിൽ വന്നപ്പോൾ നിരാമയ പദ്ധതി തൽക്കാലം നിർത്തിവെക്കുകയായിരുന്നു.

✪✪✪

കാസർകോട് ജില്ലയിലെ സാഹസിക ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷികാൻ നടപടിയെടുക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കാസർകോട് DTPC യുടെ അഡ്വഞ്ചർ ടൂറിസം വർക്ക്ഷോപ്പ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഈ അധ്യയന വർഷം പത്താം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥിൾക്കും നിർമിത ബുദ്ധിയും റോബോട്ടിക്സും പഠിക്കാനും പ്രായോഗിക പരീക്ഷണങ്ങൾ നടത്താനും അവസരമൊരുക്കിയതായി കൈറ്റ് CEO, K അൻവർ സാദത്ത് അറിയിച്ചു. കോഴിക്കോട്ട് ലിറ്റിൽ കൈറ്റ്സ് നോഡൽ ഓഫീസർമാരുടെ ജില്ലാതല ശിൽപശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അൻവർ സാദത്ത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRT: സബിത ആനന്ദ്*
*DEO: ഷീബ*